"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- കേരള ഭൂപരിഷ്കരണ നിയമം, 1963 - കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്കിൽ പരിയാരം വില്ലേജ് പരിധിയിൽ റീസർവ്വേ നമ്പർ 10/pt (പ്ലോട്ട് നമ്പർ 49) ൽപ്പെട്ട 10 സെന്റ് മിച്ചഭൂമി, 1970-ലെ കേരള ഭൂപരിഷ്കരണ നിയമം (സീലിംഗ്) ചട്ടങ്ങളിലെ ചട്ടം 29(1) ലെ വ്യവസ്ഥ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കാലാവധിക്കു മുമ്പ് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**റവന്യൂ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.1442/2024/RD തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:-
1. ശ്രീ. ജോണി എം.ഡി, വില്ലേജ് ഓഫീസർ, കടന്നപ്പള്ളി മുൻപാകെ സമർപ്പിച്ച 15/11/2023-ലെ സത്യവാങ്മൂലം.
2. കണ്ണൂർ ജില്ലാ കളക്ടറുടെ 05/02/2024 തീയതിയിലെ DCKNR/1369/2023-B7 നമ്പർ കത്ത്.
3. സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 14/02/2024 തീയതിയിലെ എൽ.ബി.ബി 3-1180/2023 നമ്പർ കത്ത് .

**ഉത്തരവ്**

ശ്രീ.ജോണി കെ.ഡി ,S/o ദേവസ്യ,കോണിക്കൽ,14 ഏക്കർ,പരിയാരം, കണ്ണൂർ ജില്ല എന്നയാൾക്ക് തളിപ്പറമ്പ് താലൂക്കിൽ പരിയാരം വില്ലേജിൽ റീസർവ്വേ നമ്പർ 10/pt (പ്ലോട്ട് നമ്പർ 49) ൽപ്പെട്ട 10 സെന്റ് മിച്ചഭൂമി പതിച്ചു നൽകി 25/06/2013-ാം തീയതി ടിയാന് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയിരുന്നു.

അപേക്ഷകൻ നിലവിൽ പയ്യന്നൂർ താലൂക്കിൽ കടന്നപ്പള്ളി വില്ലേജിലാണ് താമസിച്ചുവരുന്നതെന്നും പരിയാരം വില്ലേജിൽ, പള്ളിവക അനുവദിച്ച ഭൂമിയിൽ താമസിക്കുമ്പോൾ, കടബാധ്യത വന്നതിനാൽ ഈ ഭൂമി വിറ്റ് കടന്നപ്പള്ളി വില്ലേജിൽ വിളയങ്കോട് എന്ന സ്ഥലത്ത് ഭാര്യയും, മകനുമൊത്ത് വാടകയ്ക്ക് താമസിക്കുന്നുവെന്നും അപേക്ഷകൻ ഭിന്നശേഷിക്കാരനും വയോധികനുമായതിനാൽ ഉപജീവനത്തിന് പണിക്കുപോകാൻ സാധിക്കുന്നില്ലെന്നും ഫർണിച്ചർ പോളീഷ് ചെയ്യുന്ന തൊഴിൽ ചെയ്യുന്ന വിവാഹിതനായ മകനും, ഹോം നഴ്സായ ഭാര്യയുമാണ് കുടുംബം പുലർത്തുന്നതെന്നും കുടുംബത്തിൽ ആർക്കും തന്നെ സ്വന്തമായ ഭൂമിയില്ലെന്ന് കക്ഷി സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും പതിച്ചുകിട്ടിയ ഭൂമി വിറ്റുകിട്ടുന്ന തുക കൊണ്ട് പരിയാരം പള്ളിക്ക് സമീപം 3-5 സെന്റ് ഭൂമിയെങ്കിലും വാങ്ങിയാൽ പള്ളിവക സംഘടനകൾ വീട് വച്ച് കൊടുക്കുമെന്ന് കക്ഷി മൊഴി നൽകിയിട്ടുണ്ടെന്നും യഥാക്രമം പരാമർശം (2),(3) പ്രകാരം ലാൻഡ് ബോർഡ്

സെക്രട്ടറിയും കണ്ണൂർ ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയത് 25/06/2013-ാം തീയതിയായതിനാൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 96 പ്രകാരം കൈമാറ്റ കാലാവധി 20 വർഷമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ അർഹമായ കേസുകളിൽ 1970-ലെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങൾ പ്രകാരമുള്ള വിവേചനാധികാരം വിനിയോഗിച്ച് വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് അപേക്ഷയിൽ അനുകൂലമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് ബോർഡ് സെക്രട്ടറി, കണ്ണൂർ ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ടിയാന്റെ സാമൂഹിക - സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മിച്ചഭൂമി വിൽപ്പന ചെയ്ത് കിട്ടുന്നതുകയ്ക്ക് ടിയാൻ മറ്റൊരു സ്ഥലം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് കണ്ണൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തികൊണ്ടും, ശ്രീ.ജോണി കെ.ഡി എന്നവർക്ക് 25/06/2013-ാം തീയതിയിലെ ഡീഡ് ഓഫ് അസൈൻമെന്റ് പ്രകാരം പതിച്ചു നൽകിയ കണ്ണൂർ ജില്ലയിൽ, തളിപ്പറമ്പ് താലൂക്കിൽ, പരിയാരം വില്ലേജിൽ R.S No.10/Pt ൽ (പ്ലോട്ട് നം.49) പ്പെട്ട 10 സെന്റ് മിച്ചഭൂമി, 1970-ലെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങൾ, ചട്ടം 29(1) വ്യവസ്ഥ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അകാല കൈമാറ്റത്തിന് മുൻകൂർ അനുമതി നൽകി ഉത്തരവാകുന്നു.

കണ്ണൂർ ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEDEVI I B
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ (തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി )
അപേക്ഷകന് (ജില്ലാ കളക്ടർ, കണ്ണൂർ മുഖാന്തിരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
6) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhuja K R
Date: 24-06-2024 11:45:02
സെക്ഷൻ ഓഫീസർ

പകർപ്പ് :-
1) ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.